# തൈകൾ കുലച്ച തെങ്ങ് സി.പി.സി.ആർ.ഐ. സംഘം സന്ദർശിച്ചു

കാസർകോട് ▸ കളനാട് തേങ്ങയ്ക്ക് പകരം തെങ്ങിൽ തൈകൾ കുലച്ചത് കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ സന്ദർശിച്ചു. കളനാട് ഹദ്ദാദ് നഗറിലെ മുഹമ്മദ്കുഞ്ഞിയുടെ പുരയിടത്തിലെ തെങ്ങാണ് സി.പി.സി.ആർ.ഐ. സംഘം സന്ദർശിച്ചത്. തേങ്ങയ്ക്ക് പകരം തെങ്ങിൽ തൈകൾ ഉണ്ടാകുന്നതിനെപ്പറ്റി മാതൃഭൂമി നൽകിയ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് സന്ദർശനം.


തെങ്ങ് ചതിച്ചാശാനേ
തേങ്ങയ്ക്ക് പകരം വിളഞ്ഞത് തൈകൾ

തെങ്ങിലുണ്ടായ തൈകൾ ശേഖരിച്ചു. കൂടുതൽ ഗവേഷണത്തിനായി തെങ്ങിന്റെ ഓലയും തെങ്ങിൻതൈകളുടെ ഓലയും സംഘം ശേഖരിച്ചു. പരിശോധനയിൽ തെങ്ങിൽ തേങ്ങയുണ്ടാകുന്നില്ലെന്നും അതിനുപകരം തൈകൾതന്നെയാണ് മുളയ്ക്കുന്നതെന്നും സംഘം കണ്ടെത്തി. തെങ്ങിലുണ്ടായ ജനിതകവ്യതിയാനംതന്നെയാകാം തെങ്ങിൽ ഇത്തരം പ്രതിഭാസത്തിന് കാരണമാകുന്നതെന്ന് സ്ഥലം സന്ദർശിച്ച പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. കെ.ഷംസുദ്ദീൻ അഭിപ്രായപ്പെട്ടു. പ്രിൻസിപ്പൽ സയിന്റിസ്റ്റുമാരായ ഡോ. രാജേഷ്, ഡോ. നിറിൽ എന്നിവർ നേതൃത്വംനൽകി.



തേങ്ങയ്ക്ക് പകരം തൈകളുണ്ടായ കളനാട്ടെ മുഹമ്മദ്കുഞ്ഞിയുടെ തെങ്ങ് സി.പി.സി.ആർ.ഐ. സംഘം പരിശോധിക്കുന്നു